രുന്നു. ഇടപ്പള്ളിയിൽ 1985 മുതലാണ് കോർപ്പറേഷന് കഷ്ടകാലം തുടങ്ങുന്ന ത്. ഇടപ്പള്ളിയിൽ ഒരു പുതിയ യൂണിറ്റ് സ്ഥാപിക്കാൻ കുറെ പുതിയ മെഷി നറി ഇമ്പോർട്ടു ചെയ്തുവച്ചത് തുരുമ്പിച്ച് പോവുകയാണ് ചെയ്തത്. 1985 -ലെ സവിശേഷത അതാണ്. അതൊന്നും പറയുന്നില്ല. അതിനുശേഷം യു.ഡി.എഫ്. ഗവൺമെന്റും, എൽ.ഡി.എഫ്. ഗവൺമെന്റും വന്നു. വന്ന ഗവൺമെന്റുകളൊന്നും ഇടപ്പള്ളി യൂണിറ്റ് പ്രവർത്തിപ്പിക്കാൻ ശ്രമിച്ചിട്ടില്ല. ഈ കോർപ്പറേഷൻ അടച്ചുപൂട്ടണമെന്നുതന്നെയായിരുന്നു അവരുടെ ആഗ്ര ഹം. കാരണം അത്ര വൻപിച്ച നഷ്ടമായിരുന്നു ഉണ്ടായിരുന്നത്. അതൊന്നും പരിഹരിക്കാൻ കഴിയുന്നതല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനെ ത്തുടർന്ന് 25.3.1997-ൽ അവിടത്തെ ട്രേഡ് യൂണിയൻ സംഘടനകളുടെയും ബന്ധപ്പെട്ട എം.എൽ.എ.മാരുടെയും യോഗം വിളിച്ചുചേർത്ത് അന്നത്തെ കൃഷിവകുപ്പുമന്ത്രിയായിരുന്ന പരേതനായ വി.കെ. രാജൻ അത് ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ കഴിയു മെന്നും കേരഫെഡിൽ ലയിപ്പിക്കാൻ കഴിയുമോ എന്നും നോക്കി. മാത്രമല്ല ബഹുമാനപ്പെട്ട പി.പി. തങ്കച്ചൻ ഇതിന്റെ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് കേരഫെഡിൽ ലയിപ്പിക്കാൻ ശ്രമം നടന്നു. അതിന് സാധ്യമല്ലാത്ത സ്ഥിതിവി ശേഷമുണ്ടായി. ഇത് വമ്പിച്ച നഷ്ടത്തിൽ ഉള്ളതാണ്. കമ്പനീസ് ആക്ടനുസ രിച്ച് രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സ്ഥാപനമാണ്. മാത്രമല്ല യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപന മാണ് കേരഫെഡ്. അതുകൊണ്ട് നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനം അതിൽ ലയിപ്പിക്കാൻ സാധ്യമല്ല എന്നൊരു നിലപാടെടുത്തു. ഈ ഗവൺ മെന്റ് വന്നതിനുശേഷം അതിനെ സംബന്ധിച്ച് ഒരു കമ്മിറ്റി അന്വേഷിച്ചു. നിയോഗിച്ച കമ്മിറ്റിയുടെ ശുപാർശ ഇത് തുടർന്നു പ്രവർത്തിപ്പിക്കാൻ കഴിയു കയില്ല. ഇതു പിരിച്ചുവിടണമെന്നായിരുന്നു. അതിനെ തുടർന്ന് 8.4.1997-ൽ വീണ്ടും തൊഴിലാളി സംഘടനാ പ്രതിനിധികളുടേയും എം.എൽ.എ.മാരു ടെയും ഒരു യോഗം വിളിച്ചു ചേർത്തു. ആ യോഗത്തിൽ വച്ചാണ് ഈ കമ്പനി പൂട്ടണമെന്നും അങ്ങനെ സ്വയം പിരിഞ്ഞുപോകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സോപ്സ് ആന്റ് ഓയിൽസിൽ കൊടുത്തിട്ടുള്ള ആനു കൂല്യങ്ങൾ പിരിഞ്ഞു പോകുന്നതിനുവേണ്ടി തൊഴിലാളികൾക്ക് നൽകണ മെന്നും തീരുമാനിച്ചത്. രണ്ടുതവണ ചർച്ച നടത്തി. എല്ലാവരുടേയും ഐകക ണ്ഠ്യേനയുള്ള തീരുമാനപ്രകാരം സ്വീകരിച്ച് നടപടി പൂർത്തീകരിച്ചുവരിക യാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം മറ്റു കോർപ്പറേഷനുകളിൽ നിന്ന് കടമെടുത്ത് ഇവർക്കുള്ള ആനുകൂല്യങ്ങൾ കൂടി ഇതിന്റെ ഭാഗമായിട്ട് കൊടു ക്കുന്നുണ്ട്. അല്ലാതെ മറ്റൊരു മാർഗ്ഗവും ഗവൺമെന്റിന്റെ മുമ്പിലില്ല. അതു കൊണ്ടാണ് ഈ തൊഴിലാളി സംഘടനകളും എം.എൽ.എ.മാരും ഒക്കെക്കൂടി ചേർന്നെടുത്ത തീരുമാനം നടപ്പാക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്.

(7) കടൽക്ഷോഭത്തെ തുടർന്ന് വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് ധനസഹായം

<u>ശ്രീ. എ. കണാരൻ</u> : കടൽക്ഷോഭത്തെത്തുടർന്ന് വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് പുനരധിവാസം നൽകാനുള്ള നടപടി വേഗമെടുക്കണം. കടൽക്ഷോഭത്തെ തുടർന്ന് വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യ തൊഴിലാളി സംഘടനകളുടെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിനു മുമ്പിൽ സത്യാഗ്രഹം നടത്തുകയാണ്. താമസിക്കുന്ന വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് പുനരധി

LIBRARY ARCHIVES Kerala Legislative Assembly

വാസ സൗകര്യം ഏർപ്പെടുത്താനുള്ള നടപടികൾക്ക് വേഗത കൂട്ടണമെന്ന് ആവശ്യപ്പെടാനും അഭ്യർത്ഥിക്കാനുമാണ് അവർ കുടുംബസമേതം എത്തിച്ചേർന്നിട്ടുള്ളത്. ആലപ്പുഴ ജില്ലയിലെ ബീച്ചുവാർഡിൽ ഇ.എസ്.ഐ. ആശുപത്രിക്ക് വടക്കുഭാഗം കടൽക്ഷോഭത്തെത്തുടർന്ന് കടൽഭിത്തി തകരുകയും 50 വീടുകൾ പൂർണ്ണമായും നഷ്ടപ്പെടുകയും ചെയ്തിരിക്കുന്നു. 200 വീടുകൾ തകർച്ചയുടെ ഭീഷണി നേരിടുകയാണ്. വഴിയാധാരമായി തീർന്ന കുടുംബങ്ങൾ നാഷണൽ ഹൈവേയുടെ സ്ഥലത്ത് കുടിൽകെട്ടി താമസിച്ചുവരികയാണ്. ജലസേചന വകുപ്പുമന്ത്രിതന്നെ സ്ഥലം സന്ദർശിച്ച് നിജസ്ഥിതി മനസ്സിലാക്കിക്കൊണ്ട് അവരെ ആശ്വസിപ്പിച്ചത് സന്തോഷകരമാണ്. കടലോരപ്രദേശത്ത് താമസിക്കുന്നവരെ സംരക്ഷിക്കുവാനുള്ള നടപടികൾക്ക് വേഗത കൂട്ടണം. വീടുംസ്ഥലവും നഷ്ടപ്പെട്ടവർക്ക് അടിയന്തിരമായി പുനരധിവാസ സൗകര്യങ്ങൾ ഏർപ്പെടുത്തണം. തകർച്ചയുടെ ഭീഷണി നേരിടുന്ന 200 കുടുംബങ്ങളെ രക്ഷിക്കാൻ ഉടൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ആലപ്പുഴയിൽ കടലോര പ്രദേശങ്ങളായ ചെറ്റിക്കാട്, മാരാരിക്കുളം, വാടയ്ക്കൽ മുതലായ പ്രദേശങ്ങളിൽ കടലാക്രമണം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ സാധ്യതകൾ മുന്നിൽക്കണ്ടുകൊണ്ട് അത്യാവശ്യമായി വേണ്ട സ്ഥലങ്ങളിൽ സംരക്ഷണ പ്രവർത്തനങ്ങൾ നത്തുന്നതിന് രണ്ടുമൂന്നു തവണ ദർഘാസുകൾ ക്ഷണിച്ചിരുന്നു. കരാറുകാർ പ്രവൃത്തി ഏറ്റെടുത്ത് ചെയ്യാൻ വിമുഖത കാണിച്ചതിനാൽ കമ്മ്യൂഷൻ മുഖേന അത്യാവശ്യ സ്ഥലങ്ങളിൽ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഏർപ്പാടാക്കിയിട്ടുണ്ട്. ഞാൻതന്നെ ആ സ്ഥലം സന്ദർശിച്ചതിനുശേഷമാണ് അങ്ങനെ ഒരു ഏർപ്പാടുണ്ടാക്കിയത്. കൂടാതെ വാടയ്ക്കൽ പ്രദേശത്ത് അടിയന്തിരമായി വീടുകൾക്കും സംരക്ഷണം നൽകിയിട്ടുണ്ട്. ഈ ഭാഗത്ത് കടൽഭിത്തിയോട് വളരെയടുത്താണ് വീടുകൾ നിർമ്മിച്ചിട്ടുള്ളത്. ആ വീടുകൾക്കാണ് കേടുപാടുകൾ സംഭവിച്ചിട്ടുള്ളത്. ജില്ലാ കളക്ടറും പഞ്ചായത്ത് പ്രതിനിധിയും ജലസേചന ഉദ്യോഗസ്ഥന്മാരും സ്ഥലം സന്ദർശിച്ച് നടപടികൾ സ്വീകരിച്ചുവരികയാണ്. കടലോരത്തുള്ള ഓരോ വീടുകളും ചുറ്റും മണൽചാക്കിട്ട് സംരക്ഷിക്കണമെന്നാണ് സ്ഥലവാസികളുടെ ആവശ്യം. അത് ഫലപ്രദമാകുമെന്ന പ്രതീക്ഷയില്ല. ഇടയ്ക്കിടയ്ക്കുള്ള ചെറിയ ചെറിയ ഭാഗങ്ങൾ മാത്രം സംരക്ഷിക്കുന്നതുകൊണ്ട് കടലാക്രമണത്തിന് ശാശ്വതപരിഹാരം പ്രതീക്ഷിക്കാൻ കഴിയുകയില്ല. കടലാക്രമണം രൂക്ഷമാകുന്ന ഭാഗങ്ങളിൽ ഒന്നായി ഭിത്തി നിർമ്മിക്കുകയും സ്ഥിരമായി റീച്ചസ് വേണ്ടുന്നിടത്ത് പരിരക്ഷ ചെയ്യുകയും ചെയ്താൽ മാത്രമേ ശാശ്വത പരിഹാരമാകൂ. കേന്ദ്രസഹായം ലഭ്യമാകുന്നതോടുകൂടി ഈ പ്രശ്നത്തിനു പരിഹാരം കണ്ടെത്താൻ കഴിയും. താൽക്കാലികമായി ചെയ്യാൻ കഴിയുന്ന പ്രതിരോധ പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്.

(8) ചാരായ നിരോധനം ഏർപ്പെടുത്തിയതുമൂലം തൊഴിൽ നഷ്ടപ്പെടുന്നവരുടെ പുനരധിവാസം

[11 AM] ശ്രീമതി കെ.ആർ. ഗൗരിയമ്മ : സർ, ചാരായ നിരോധനം ഏർപ്പെടുത്തിയതുമൂലം തൊഴിൽ നഷ്ടപ്പെട്ട ജീവനക്കാരുടെ പ്രശ്നം ഈ സഭയുടെ മുന്നിൽ ഉന്നയിക്കുവാൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു. ഈ വിഭാഗം തൊഴിലാളികൾ പന്തീരായിരത്തിൽപ്പരമുണ്ട്. കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ

LIBRARY ARCHIVES Kerala Legislative Assembly